"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ്മാരായ ഡോ.വിവേക് സ്റ്റീഫൻ, ഡോ.ജിനു വർഗ്ഗീസ് എം. എന്നിവർ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No.1613/2024 നമ്പർ ഹർജിയിന്മേലുള്ള 09.12.2024-ലെ ഉത്തരവ് - അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.539/2025/H&FWD തീയതി,തിരുവനന്തപുരം, 25-02-2025

---

പരാമർശം:-

1. ഡോ.വിവേക് സ്റ്റീഫൻ, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) സമർപ്പിച്ച 09.11.2024-ലെ അപേക്ഷ - Annexure A12.
2. ഡോ.ജിനു വർഗ്ഗീസ് എം. , ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) സമർപ്പിച്ച 20.10.2024-ലെ അപേക്ഷ - Annexure A13.
3. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) No.1613/2024 നമ്പർ ഹർജിയിന്മേലുള്ള 09.12.2024-ലെ ഉത്തരവ്.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 21.02.2025-ലെ ഇ.ബി1-3657/2025/ആ.വ.ഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോതമംഗലം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി നോക്കുന്ന ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.വിവേക് സ്റ്റീഫൻ, തൊടുപുഴ ജില്ലാ ആശുപത്രിയിൽ ജോലി നോക്കുന്ന ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ജിനു വർഗ്ഗീസ് എം. എന്നിവർ ടിയാളുകൾക്ക് 2024-ലെ പൊതുസ്ഥലംമാറ്റത്തിൽ ഉചിതമായ സ്ഥലംമാറ്റം ലഭിക്കാത്തതിനാൽ ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA (EKM) No.1613/2024 നമ്പർ ഹർജി ഫയൽ ചെയ്തിരുന്നു. 09.12.2024-ൽ ടി കേസ് പരിഗണിച്ച ബഹു:ട്രൈബ്യൂണൽ അപേക്ഷകർ ആരോഗ്യ വകുപ്പ് സെക്രട്ടറിക്കു മുമ്പാകെ സമർപ്പിച്ച പരാമർശം (1), (2) അപേക്ഷകൾ പരിശോധിച്ച്, അപേക്ഷകരെയും, 3-ാം എതിർകക്ഷിയെയും നേരിൽ കേട്ടതിനു ശേഷം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ 1-ാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് പരാമർശം (3)

ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം ആരോഗ്യ വകുപ്പ് സെക്രട്ടറി അധികാരപ്പെടുത്തി ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 17.02.2025-ന് അപേക്ഷകരെ നേരിൽ കേട്ടിരുന്നു. 3-ാം എതിർകക്ഷിയായ ആലുവ ജില്ലാ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ശ്രീനാഥ്.ഇ.വി.-ക്ക് അറിയിപ്പ് നൽകിയിരുന്നെങ്കിലും, ടിയാൻ ഹിയറിംഗിന് ഹാജരാകുകയുണ്ടായില്ല.

2) ഡോ.വിവേക് സ്റ്റീഫൻ സമർപ്പിച്ച Annexure A12 അപേക്ഷയിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- 2023-ലെ പൊതുസ്ഥലംമാറ്റത്തിൽ മൂന്നാമത്തെ ഓപ്റ്റഡ് സ്ഥാപനമായ കോതമംഗലം താലൂക്ക് ആസ്ഥാന ആശുപത്രിയിലാണ് നിയമനം അനുവദിച്ചത്.
- 2023-ലെ പൊതുസ്ഥലംമാറ്റത്തിൽ പ്രസ്തുത സ്ഥാപനത്തിൽ സ്ഥലംമാറ്റം ലഭിച്ച മറ്റ് പല മെഡിക്കൽ ഓഫീസർമാർക്കും ഈ കാലയളവിൽ സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്.
- 2023 പൊതുസ്ഥലംമാറ്റത്തിൽ "transfer not required" എന്ന ഓപ്ഷൻ ഇല്ലാതിരുന്നതുകൊണ്ട് മാത്രമാണ് സ്ഥലംമാറ്റം ആവശ്യമില്ലാതിരുന്നിട്ടും അപേക്ഷ സമർപ്പിക്കേണ്ടി വന്നത്.
- ദുർഘട ഗ്രാമീണ മേഖലയിൽ അടക്കം ജോലി ചെയ്യുകയും, സർക്കാർ ഇതുവരെ ഏൽപ്പിച്ചിട്ടുള്ള എല്ലാ ഡ്യൂട്ടികളും വളരെ ആത്മാർത്ഥമായി ചെയ്തിട്ടുണ്ട്.
- നിലവിൽ ആലുവ ജില്ലാ ആശുപത്രിയിൽ നിയമനം നൽകിയിരിക്കുന്ന ഡോ.ശ്രീനാഥ്.ഇ.വി. ഇരിട്ടിയിൽ ജോലി ചെയ്തു വരവെ അവധിയിൽ പ്രവേശിച്ചിട്ട് സ്വകാര്യ ആശുപത്രിയിൽ ജോലി നോക്കുകയുണ്ടായി. അത്തരത്തിൽ ഒരു ഔദ്യോഗിക ചട്ടലംഘനവും നടത്താതെ 19 വർഷത്തിലധികം തുടർച്ചയായി വകുപ്പിനെ സേവിച്ചുകൊണ്ടിരിക്കുന്നതിനാൽ ഡോ.ശ്രീനാഥിനെക്കാൾ വെയ്റ്റേജ് തന്ന് ആലുവ ജില്ലാ ആശുപത്രിയിൽ നിയമനം നൽകണം.

3) ഡോ.ജിനു വർഗ്ഗീസ് എം. സമർപ്പിച്ച Annexure A13 അപേക്ഷയിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- എറണാകുളം ജില്ലയിലെ കോതമംഗലം സ്വദേശിയാണ് എന്നാൽ നിലവിൽ ഇടുക്കി ജില്ലയിലെ തൊടുപുഴ ജില്ലാ ആശുപത്രിയിൽ ജോലി നോക്കുന്നു. അതിനു മുൻപ് ഇടുക്കി നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ സി.എം.ഒ. ആയും കണ്ണൂർ ഇരിട്ടി താലൂക്ക്

ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റായും ജോലി നോക്കിയിട്ടുണ്ട്.

- 2023-ൽ ഇടുക്കി ജില്ലാ ആശുപത്രിയിൽ സ്ഥലംമാറ്റം ലഭിച്ച പല മെഡിക്കൽ ഓഫീസർമാർക്കും ഇതിനകം സ്ഥലംമാറ്റം ലഭിച്ചിട്ടുണ്ട്.
- നാളിതുവരെയുള്ള സർവ്വീസിൽ ഏൽപ്പിച്ച ശബരിമല ഡ്യൂട്ടി, വി.ഐ.പി. ഡ്യൂട്ടി, കോവിഡ് നോഡൽ ഓഫീസർ ഡ്യൂട്ടി തുടങ്ങി എല്ലാ ചുമതലകളും ഒരു പരാതിക്കും ഇടവരാത്ത രീതിയിൽ ചെയ്തിട്ടുണ്ട്.
- കോതമംഗലം താലൂക്ക് ആശുപത്രിയിൽ ജോലി ചെയ്യുന്ന ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.വിവേക് സ്റ്റീഫന്, ടിയാളുടെ അപേക്ഷ പ്രകാരം ആലുവ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ച നൽകിയാൽ കോതമംഗലം താലൂക്ക് ആശുപത്രിയിൽ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് പരിഗണിക്കണം.

4) നേരിൽ കേൾക്കുന്ന വേളയിലും അപേക്ഷകർ ഈ വിഷയങ്ങൾ തന്നെയാണ് ഉന്നയിച്ചിരുന്നത്. 3-ാം എതിർകക്ഷി ഹിയറിംഗിന് ഹാജരാകുകയോ, രേഖാമൂലം സർക്കാർ മുമ്പാകെ അഭിപ്രായം സമർപ്പിക്കുകയോ ചെയ്തിരുന്നില്ല. ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ആലുവ ജില്ലാ ആശുപത്രിയിൽ നിയമനം നൽകിയിരുന്ന ഡോ.ശ്രീനാഥ് ഇ.വി. മുൻപ് അനുമതി കൂടാതെ സർവ്വീസിൽ നിന്നും അവധിയിൽ പ്രവേശിച്ചിട്ട് സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്തതിന് അച്ചടക്ക നടപടി നേരിടുന്ന ഉദ്യോഗസ്ഥനാണെന്നും, ആലുവ ജില്ലാ ആശുപത്രി സൂപ്രണ്ട് നിലവിൽ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയ കത്തിൽ ഡോ.ശ്രീനാഥ്.ഇ.വി. 01.02.2025-മുതൽ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്നതായി അറിയിച്ചിരിക്കുന്നതായും അറിയിച്ചിരുന്നു.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2025-ലെ പൊതുസ്ഥലംമാറ്റത്തിൽ പുനഃപരിശോധിക്കേണ്ട സാഹചര്യം ഉണ്ടായാൽ ആയത് പുനഃപരിശോധിക്കുമെന്ന വ്യവസ്ഥയിൽ, നിലവിൽ ആലുവ ജില്ലാ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) വിഭാഗം തസ്തികയിൽ ഒഴിവ് നിലനിൽക്കുന്നതിനാൽ ഡോ.വിവേക് സ്റ്റീഫന് കോതമംഗലം താലൂക്ക് ആശുപത്രിയിൽ നിന്നും ആലുവ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചുകൊണ്ടും, പ്രസ്തുത സ്ഥലംമാറ്റാനന്തരം കോതമംഗലം താലൂക്ക് ആശുപത്രിയിൽ ഉണ്ടാകുന്ന ഒഴിവിൽ തൊടുപുഴ ജില്ലാ ആശുപത്രിയിൽ ജോലി നോക്കുന്ന ഡോ.ജിനു വർഗ്ഗീസ് സ്ഥലംമാറ്റം അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) 1613/2024 ഹർജിയിന്മേലുള്ള

പരാമർശം (4) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീന ഷംസുദ്ദീൻ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഇടുക്കി/എറണാകുളം.

Dr.Vivek Stephen, Junior Consultant (General Medicine), Koikaleth, Puthen Veedu, Carmel Nagar, II Street, Ashokapurak, Aluva, Ernakulam - 683 101.

Dr.Jinu Varghese, Junior Consultant (General Medicine), Mannancheril H, Karukadam, Kothamangalam, Ernakulam - 686 691.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Anupama G Nair
Date: 25-02-2025 10:28:05

**മേലെഴുത്തു നം. ഇ.ബി1-3657/2025/ആ.വ.ഡ തീയതി25-02-2025**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 25-02-2025 18:27:43

ആരോഗ്യ വകുപ്പ് ഡയറക്ടർ